**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 505** **06-12-2022 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തി പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; | (എ) | അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ, നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) സമർപ്പിച്ച, വിശദമായ പദ്ധതി റിപ്പോർട്ട് (DPR), അവലോകനം നടത്തി കിഫ്ബിയിൽ നിന്നും സാങ്കേതിക അവലോകന റിപ്പോർട്ട് KRFB ക്ക് നൽകിയിട്ടുള്ളതുമാണ്.<br><br>ആയതിന് SPV നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ചു കൊണ്ട് SPV-ക്ക് നിരീക്ഷണ കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള മറുപടി SPV ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി അവലോകനം തുടരുന്നതാണ്. |
| (ബി) | പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കിഫ്ബി ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി SPV ലഭ്യമാക്കിയ ശേഷം പദ്ധതി അവലോകനം പൂർത്തിയാക്കി കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വ്യവസ്ഥകളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി പദ്ധതിയുടെ വിശദമായ അവലോകന റിപ്പോർട്ട് സഹിതം കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് അംഗീകരിയ്ക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നതാണ്. |
| (സി) | പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുമോ; വിശദമാക്കുമോ? | (സി) | ധനാനുമതി ലഭിച്ച ശേഷം പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ